# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025–26

# ഓരോ കുട്ടിയും മികവിലേക്ക്




## ജി.എൽ.പി.എസ് ഒളവണ്ണ

GOVT. L.P. SCHOOL
OLAVANNA

# ആമുഖം

**പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു**

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പിലാക്കുന്നലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പിലാക്കുന്നവിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ഭൗതിക മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസ ഉറപ്പാക്കാനുമാണ് ഈ മാസ്റ്റർപ്ലാനിന്റെ പ്രധാന ലക്ഷ്യം.എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർപ്ലാൻ വിദ്യാലയത്തിന് മികച്ച വഴികാട്ടിയാകുമെന്ന് ഉറപ്പാണ്.

മികച്ച വിദ്യാലയം മികച്ച ആസൂത്രണത്തിന്റെ സൃഷ്ടിയാണ്.വിവിധ ഘട്ടങ്ങളിലായി നടക്കുന്ന ആസൂത്രണങ്ങളിലൂടെയാണ് സ്കൂൾ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നത്. സ്കൂളുകളിൽ നടത്തുന്ന ഇതര പ്രവർത്തനങ്ങളും വിവിധ ക്ലബ്ബുകളും ദിനാചരണങ്ങളും ഇതിന് ഉദാഹരണങ്ങളാണ് .വിദ്യാലയത്തിന്റെ എല്ലാ പദ്ധതികളും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന ജി .എൽ.പി.എസ് ഒളവണ്ണ സജീവമായ പി .ടി .എ ,എം .പി.ടി.എ അധ്യാപക സംഘം ,രക്ഷിതാക്കൾ പൊതു സമൂഹം എന്നിവയുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ദൃഢപ്രതിജ്ഞയോടെയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു ഹെഡ്മിസ്ട്രസ്

**വിജ്ഞാനദീപമായി ജി.എൽ .പി .സ്കൂൾ ഒളവണ്ണ**

ഒരു നൂറ്റാണ്ട് മുമ്പ് പ്രവർത്തനം ആരംഭിച്ച് ഒളവണ്ണ ജി .എൽ .പി സ്കൂൾ ഈ നാടിന്റെ അക്ഷര വെളിച്ചമായിട്ട് 105 വർഷം പർത്തിയാക്കിയിരിക്കുന്നു .ശ്രുവ്വശ്ശേരി കണാരൻ ,കയലോട്ട് രാരു ,കൃഷ്ണൻ എഴുത്തച്ഛൻ എന്നിവരുടെ കഠിന പ്രയത്നത്താൽ ആണ് നമ്മുടെ സ്കൂൾ രൂപീകൃതമായത് .ഇന്ന് പ്രീ പ്രൈമറിയും പ്രൈമറിയുമായി 250 ഓളം വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു .നിരന്തരമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന പ്രൈമറി വിദ്യാഭ്യാസ രംഗത്തെ സർവ്വ മാറ്റങ്ങളെയും ഉൾക്കൊണ്ട് വിദ്യാർത്ഥികളുടെ അഭിരുചിക്കനുസൃതമായ രീതിയിലുള്ള സൗകര്യങ്ങളും പാഠ്യ –പാഠ്യേതര പ്രവർത്തനങ്ങളുമാണ് ഈ സ്കൂളിന്റെ വിജയത്തിന് നിദാനം . കാര്യക്ഷമതയോടും ക്രിയാത്മകമായും പ്രവർത്തിക്കുന്ന ഒരുപറ്റം അദ്ധ്യാപകരും ചലനാത്മകമായ പി .ടി .എ ,എം .പി .ടി .എ യും എസ് .എം .സി ,എസ് .എസ് .ജി യും പൂർവ്വ വിദ്യാർത്ഥികളും നാട്ടുകാരും ഈ സ്കൂളിന്റെ അക്കാദമിക കലാ–കായിക മികവിന് മാറ്റ് കൂട്ടുന്നു .കൂടാതെ ഉന്നത തലത്തിൽ വിദ്യാഭ്യാസ ഓഫീസർമാരുടെ സമയോജിതമായ ഇടപെടലുകളും സഹകരണവും ഈ സ്കൂളിന്റെ വളർച്ചയ്ക്ക് കാര്യമായ പങ്കുവഹിച്ചിട്ടുണ്ട് .മികച്ച വിദ്യാലയം മികച്ച ആസൂത്രണത്തിന്റെ സൃഷ്ടിയാണ് .വിവിധ ഘട്ടങ്ങളിലായി നടക്കുന്ന ആസൂത്രണങ്ങളിലൂടെയാണ് സ്കൂൾ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നത് .സ്കൂളിൽ നടത്തുന്ന പാഠ്യേതര പ്രവർത്തനങ്ങളും വിവിധ ക്ലബ്ബുകളും ദിനാചരണങ്ങളും ഇതിന് ഉദാഹരണങ്ങളാണ്.പ്രമുഖരായ പലരും ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ് .നാലു തലമുറകൾക്ക് അക്ഷരജ്ഞാനം പകർന്നു നൽകിയ ഒളവണ്ണ ജി. എൽ. പി സ്കൂൾ ഇന്നും നാടിന്റെ അഭിമാന സ്തംഭമായി നിലനിൽക്കുന്നു.

## അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : ജി എൽ .പി.എസ് ഒളവണ്ണ

മേൽവിലാസം : ജി.എൽ .പി.എസ് ഒളവണ്ണ

കൊടിനാട്ടുമുക്ക്,ഒളവണ്ണ സ്കൂൾ കോഡ് : 17306

വിദ്യാഭ്യാസ ഉപജില്ല : കോഴിക്കോട് റൂറൽ

വിദ്യാഭ്യാസജില്ല : കോഴിക്കോട്

റവന്യൂ ജില്ല : കോഴിക്കോട്

ബി.ആർ.സി : ഫറോക്ക്

സി .ആർ .സി : കൊടൽ

ഗ്രാമപഞ്ചായത്ത് : ഒളവണ്ണ

ബ്ലോക്ക് പഞ്ചായത്ത് : കോഴിക്കോട്

ജില്ലാ പഞ്ചായത്ത് : കോഴിക്കോട്

നിയമസഭാമണ്ഡലം : കുന്നമംഗലം

ലോകസഭാമണ്ഡലം : കോഴിക്കോട്

താലൂക്ക് : കോഴിക്കോട്

വില്ലേജ് :ഒളവണ്ണ

ഇ –മെയിൽ വിലാസം :glpsolavanna@gmail.com

ഫേസ്ബുക് :glpso17306@gmail.com

യൂട്യൂബ് :www.youtube.com/@GLPSOLAVANNA

സ്കൂൾ വിക്കി : GLPS Olavanna

വിഷയം :- മലയാളം

ലക്ഷ്യങ്ങൾ

ഒന്നാം ക്ലാസിലെ എല്ലാം കുട്ടികളെയും എഴുത്താനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കു

എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവ് നേടുക

പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു.

ലളിതമായ വായനാകാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.

പത്രം തയ്യാറാക്കുന്നു.

സ്വന്തമായി ഡയറി എഴുതുന്നു.

| ലക്ഷ്യം | പ്രവർത്തനം. |
| --- | --- |
| വായന | · ചിത്ര വായന<br>· വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കു.<br>· വായനമൂല ഒരുക്കൽ<br>· പത്രവായന<br>· വായനാകാർഡ് തയ്യാറാക്കൽ. |

| | |
|---|---|
| ലേഖനം | · ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു.<br>· സചിത്ര ബുക്ക്<br>· സംയുക്ത ഡയറി എഴുത്ത്.<br>· ആവർത്തിച്ചു വരുന്ന അക്ഷരം കണ്ടെത്തുന്നു.<br>· ആ അക്ഷരം എഴുതുന്നു.<br>· ആവർത്തിച്ചു വരുന്ന പദങ്ങൾ കണ്ടെത്തുന്നു എഴുതുന്നു.<br>· സാങ്കൽപ്പിക ഡയറി എഴുതുന്നു.<br>· വരികൾ കൂട്ടിച്ചേർക്കുന്നു.<br>· ചിത്രം നൽകി അതിൽ നിന്ന് കഥ ഉണ്ടാക്കുന്നു.<br>· സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു. |

Subject - English

Aim

To speak, read and write English without any mistakes

| Aim | Activities | month |
|---|---|---|
| Skills | · To devolve listening skills and reading skills | June |
| | · Description, growing sentences, picture reading, riddles quiz | July |
| Reading Skills | · Reading breaking news<br>· Find words from reading materials<br>· Rhyming words | July |
| | · Describe words from text book activies | August |
| writing Skills | · make word web | september |
| | · picture description | october |
| | · word chain | November |
| | · make word web | December |
| | · Story telling | January |
| | · Riddles | February |
| | · Conversation | march. |

ഗണിതം

ക്ലാസ് -1

ലക്ഷ്യങ്ങൾ.

. ഒന്നുമുതൽ 5 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു.

. അഞ്ചുവരെയുള്ള എണ്ണത്തെ ഉള്ളതി, ഇല്ല, കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.

. ഒന്നുമുതൽ ഇരുപത് വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം. |
| --- | --- | --- |
| സംഖ്യാബോധം | സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം. സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു. സംഖ്യാകാർഡ് നിർമിക്കൽ | ജൂൺ. |
| ഗണിതകിറ്റ്. | .ഗണിതകിറ്റ് ഗണിതപഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു. | ജൂലൈ |

| | | |
|---|---|---|
| വലിയസംഖ്യ, ചെറിയസംഖ്യ | ഒന്നു മുതൽ ൨൦ വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ<br>വലിയസംഖ്യ ചെറിയസംഖ്യ തിരിച്ചറിയൽ പ്രവർത്തനം. | ആഗസ്റ്റ് |
| സങ്കലന ക്രിയകൾ | സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ. രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ. ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും | സെപ്റ്റംബർ |
| ഒറ്റസംഖ്യ ഇരട്ടസംഖ്യ | ഒറ്റസംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയുന്നു.<br>ഒന്നിടവിട്ട സംഖ്യകൾ ഒറ്റസംഖ്യ ഇരട്ടസംഖ്യ തിരിച്ചറിവുണ്ടാക്കൽ. | ഒക്ടോബർ |
| സംഖ്യാഗാനങ്ങൾ | സംഖ്യാഗാനങ്ങൾ പാടുന്നു ശേഖരിക്കുന്നു.<br>ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കുന്നു. | നവംബർ |
| വർക്ക്ഷീറ്റ് | സംഖ്യകളെ തരംതിരിക്കുന്നു. | |
| വ്യവകലന പ്രവർത്തനം | വ്യവകലന പ്രവർത്തനങ്ങൾ ചെയ്യുന്നു. | ഡിസംബർ |
| ചിഹ്നങ്ങൾ | ചിഹ്നങ്ങൾ തിരിച്ചറിയൽ, സങ്കലനം വ്യവകലനം (+, -). | ജനുവരി |
| ഗണിതകിറ്റ് | ഗണിതകിറ്റ് പ്രവർത്തനം ചെയ്യുന്നു.<br>സംഖ്യകളുടെ പകുതി മൂല്യം തിരിച്ചറിയൽ | ഫെബ്രുവരി മാർച്ച് |

# പരിസര പഠനം

ക്ലാസ് - 1

## ലക്ഷ്യങ്ങൾ

ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തുന്നു.

- വിവിധതരം സസ്യങ്ങൾ (വലിയ മരങ്ങൾ, ചെറിയ ചെടികൾ പൂക്കുന്നവ, പൂക്കാത്തവ) കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
- സസ്യങ്ങൾക്ക് വേര്, തണ്ട്, ഇല പൂവ് തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ച് കണ്ടെത്തുന്നു.
- പൂക്കളുടെ സാമ്യ വ്യത്യാസങ്ങൾ (നിറം, ഇതളുകളുടെ എണ്ണം, ഉപയോഗം, ചെറുത് വലുത് പട്ടികപ്പെടുത്തുന്നു.
- നിറം, രുചി, ആകൃതി മണം, വലിപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.
- പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം |
| --- | --- | --- |
| ചെടികൾ നിരീക്ഷിച്ച് മരങ്ങളിൽ നിരവധി വ്യത്യാസങ്ങൾ ഉണ്ടെന്ന് കണ്ടെത്തൽ | · പ്രകൃതി നടത്തം<br>· ചുറ്റുപാടുകളിലെ മരങ്ങൾ ചെടികൾ നിരീക്ഷിക്കുന്നു.<br>· പലതരത്തിലുള്ള മരങ്ങൾ പ്രദർശിപ്പിക്കുന്നു. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് |
| ചെടികൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തൽ. | · സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുന്നു.<br>· പൂന്തോട്ടത്തിൽ നിന്ന് ചെടികളെ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു. | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ |
| ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു. | · പച്ചക്കറികൾ, പഴങ്ങൾ കിഴങ്ങുകൾ പൂക്കൾ എന്നിവ കൊണ്ടുവരുന്നു.<br>· ഓരോന്നിന്റെയും ഏതു ഭാഗമാണ് ഭക്ഷ്യയോഗ്യമായത് കണ്ടെത്തുന്നു.<br>· രക്ഷിതാവിന്റെ സഹായത്തോടെ അടുക്കളത്തോട്ടം നിർമ്മിക്കുന്നു. | ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി<br>മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**ക്ലാസ് II**

**ക്ലാസ് അദ്ധ്യാപകർ: ലിജി ടി, അഭിനവ് പി**

**മലയാളം**

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിൻ്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ

🌾🌾🌾🌾🌾🌾

✨ രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

✨ രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

✨ ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

✨ ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

✨ വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

✨ ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

✨ ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. ക്രവിതാ പൂരണം).

മുന്നൊരുക്കം

🌾🌾🌾🌾🌾

✨ പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

✨ കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം

🍡🍡🍡🍡🍡🍡🍡🍡

🐥 രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

✨ജൂൺ✨

🐥 ചിത്രക്കാർഡുകൾ നൽകൽ പ്രിത്രവും പദവും ഉൾക്കൊണ്ട്)

🐥ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ

.🐥 വായനാ സാമഗ്രികൾ നിർമിക്കൽ

🐥 വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

✨ ജൂലൈ✨

🐥 ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.

🐥 ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിൻ്റെയും സാധ്യത ഉറപ്പാക്കുന്നു.

🐥 സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്റ്റ്

🐥 ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ

🐥 രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ

🐥 വീട്ടു ലൈബ്രറി ഒരുക്കൽ

🐥 ചിത്ര വിവരണം

🐥 വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ

🌾🌾🌾🌾

🐥 വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ

🐥 വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ

🐥 വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ

🐥 വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്ക്കാരം ചെയ്യൽ

ഒക്ടോബർ

✨✨✨✨✨

🍡 കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ

🍡 വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു
ഉദാ:- ആന
വലിയ ആന
കറുത്ത വലിയ ആന

നവംബർ

✨✨✨

🌾 കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

✨✨✨✨

✨ ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

✨ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

✨✨✨✨

✨ വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)

✨ ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

🌾🌾🌾🌾

✨ എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത് )

✨ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

🌼🌼🌼

🍁 വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.

🍁 ഇൻലൻറ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ

🍁 ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.

🍁 വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

🍁 ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

🍁🍁🍁🍁🍁🍁🍁🍁🍁

## English

Aim . : To speak, Read, & write English without any mistakes
Time - June ,July, August
June
Pretest
To develop listening skills & reading skills first
Listening skills
Games, Action songs Hello English activities,2 conversations, skit stories
Use ICT
Speaking skills
Descriptions, growing sentences , picture reading, picture description self introduction Assembly activities- speech , book review, quiz riddles,self introduction. School radio etc

July & August
Reading skills
News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc Textbook activities

Writing skills
Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines

## ഗണിതം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

🍁 പ്രവർത്തന ലക്ഷ്യങ്ങൾ

🌻 രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.

🌻 സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.

🌻 ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ

🌻 ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)

🌻 ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ

🌻 പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

**മുന്നൊരുക്കം**

🌻 ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

**പ്രവർത്തന ലക്ഷ്യം**

🌻 പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

ജൂൺ

🌻 1, 2, 3, 4 .....
1,3,5,7....
10,20,30,40,....
5,10,15,20....
2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

🌻 ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

ജൂലൈ

🌻 ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിൻ്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.

🌻 ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ

🌻 പത്തിൻ്റെയും ഒന്നിൻ്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ
(5+5 = 10, 10+10= 20)

ആഗസ്റ്റ്

🌻 വിവിധ പാറ്റേണുകൾ രൂപീകരിക്കൽ

🌻 സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ
99 നോട് 1 കൂട്ടിയാൽ 100
10 പത്തുകൾ ചേർന്നാൽ 100 ആകും
100 ഒന്നുകൾ ചേർന്നതാണ് 100

🌻 ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

സെപ്റ്റംബർ

🌻 ഗണിത ക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ

🌻 വിലവിവരപട്ടിക തയ്യാറാക്കൽ

🌻 ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ
ഉറപ്പിക്കുന്നു.

ഒക്ടോബർ

🌻 രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു

🌻 സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ

🌻 സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)
5...10.... 15.... 20... 25
(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

നവംബർ

🌻 സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)

🌻 പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ

🌻 "ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ

🌻 നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ
10 രൂപ +5 രൂപ = 15 രൂപ
നോട്ട് നാണയം

ഡിസംബർ

🌻 സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.

🌻 സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)

- രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

**ജനുവരി**

- വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ
പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ
- സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

**ഫെബ്രുവരി**

- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
- ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

**മാർച്ച്**

'

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
- കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

ക്ലാസ് - 3

Sub Eng.

Aim : To Speak, Read & write English without any mistakes.

Time June to march.

| | |
|---|---|
| The June & July | * Pretest<br>* To check the vocabulary and writing skills of pupils.<br>* Games, Action song<br>· Hello english Activities.<br>· Conversations<br>· Skit Stories.<br>· Use ICT<br>speaking skills<br>· Identify the Action words from the Picture<br>make Simple Sentences using the word about Picture. |

Growing sentences, Picture reading, self introduction.

| | |
|---|---|
| August & September | · Develop the creative speaking and writing.<br>* Reading skills.<br>· Books reading<br>· Find words<br>· Collect and read Past tense<br>· Rhyming words<br>· T·B Activities.<br>* Writing skills.<br>· make word web.<br>· Picture description.<br>* word chain.<br>· make words & sentences.<br>· make riddles, conversations.<br>· Add more lines. |

| | |
|---|---|
| October & November | - To express thoughts, feeling etc.... <br> Reading skills - Library book reading <br> - conversation, skit, stories, use ICT <br> Read notice. <br> Develop story. <br> - Writing Skills. <br> . Description <br> . Thoughts. |
| December & January. | - Develop the creative speaking and writing. <br> - Reading skills. <br> • Library books reading. <br> • conversation, skit Stories use ICT. <br> • Develop story. <br> . Reads $ diary. <br> - writing skills. <br> Diary. → Announcement. |

| | |
|---|---|
| February & march. | - To improve the presentation power.<br>- Reading skills.<br>· ~~bibra~~ Library books reading.<br>conversation, Skit Stories.<br>develop story.<br>· writing Skills.<br>· Diary.<br>· Description<br>· Thought<br>· Excibitions. |

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനം. |
|---|---|---|
| ജൂൺ | * ചെടികൾ നിരീക്ഷിക്കുന്നു; പ്രകൃതി നടത്തം<br>* വിത്ത് മുളപ്പിക്കൽ<br>* വ്യത്യസ്ത പൂക്കൾ സസ്യങ്ങൾ എന്നിവ തിരിച്ചറിയൽ<br>* പരിസ്ഥിതി ദിനാചരണം<br>* വിത്ത് മുളക്കൽ - നിരീക്ഷണക്കുറിപ്പ്. | SRG<br>CPTA. |
| ജൂലൈ | * വ്യത്യസ്ത ജീവികളെ നിരീക്ഷിക്കൽ, ചിത്രരേഖണം<br>* മണ്ണ് നിരീക്ഷണം<br>* ജൈവ വൈവിധ്യ ഉദ്യാന നിർമ്മാണം<br>* ശലഭങ്ങൾ വരുന്ന ചെടികൾ.<br>* സ്കൂൾ ഹെൽത്ത് ക്ലബ് പ്രവർത്തനങ്ങൾ [വർഷം മുഴുവൻ] | PTA, SRG. |
| ഓഗസ്റ്റ് | * മഴമാപിനി നിർമ്മാണം<br>* ജല സംരക്ഷണ പോസ്റ്റർ നിർമ്മാണം<br>* കിണർ സന്ദർശനം, മണ്ണ് നിരീക്ഷണം<br>* മണ്ണ് കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ | SRG. |

| | | |
|---|---|---|
| സെപ്റ്റംബർ | * ശുചിത്വ പോസ്റ്റർ നിർമ്മാണം.<br>* സ്കൂൾ ശുചിത്വ ക്ലബ് പ്രവർത്തനങ്ങൾ<br>* ആരോഗ്യ ബോധവത്കരണ സെമിനാർ<br>* Interview - ആരോഗ്യ പ്രവർത്തകർ. | SRG, PTA. |
| ഒക്ടോബർ | * ഫീൽഡ് ട്രിപ്പ്<br>- പഴം പച്ചക്കറി കട.<br>* ഫുഡ് ഫെസ്റ്റിവൽ<br>* എന്റെ ആരോഗ്യകാർഡ് - [illegible].<br>* BMI കാണുന്നു.<br>* സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ<br>* ശരിയായ ഭക്ഷണ ശീലം - പോസ്റ്റർ | PTA, MPTA<br>SRG. |
| നവംബർ | * ആരോഗ്യ വിദഗ്ധരുമായി ക്ലാസ്<br>റോൾ പ്ലേ - റോഡ് നിയമങ്ങൾ<br>First aid kit തയ്യാറാക്കൽ<br>* സ്വയ സുരക്ഷ<br>- [illegible] - ചർച്ച.<br>ബോധവത്കരണം. | |

| | | |
|---|---|---|
| ഡിസംബർ | * ഗ്ലോബ് നിർമ്മാണം<br>* ദേശീയ പതാക വരയ്ക്കൽ<br>* ദേശീയ ചിഹ്നം തയ്യാറാക്കൽ; തിരിച്ചറിയൽ<br>* ഭൂപട വായന<br>* എന്റെ കേരളം, ചോദ്യോത്തരപ്പയറ്റ്.<br>· ചിത്ര രചന<br>കുറിപ്പ്<br>* ഭൂപ്രകൃതി തിരിച്ചറിയൽ → google map. | PTA |
| · ജനുവരി<br>· ഫിബ്രവരി | * ജീവികളുടെ കൂടുകൾ - ശേഖരണം<br>ചിത്ര ശേഖരണം.<br>· വ്യത്യസ്ത വീടുകൾ ചിത്ര ശേഖരണം<br>. വീട് നിർമ്മാണം സന്ദർശനം [വ്യത്യസ്ത ജോലികൾ]<br>· ഫീൽഡ് വിസിറ്റ് - പാതിരാമണൽ. | SRG<br>PTA. |
| മാർച്ച് | * പഠനോത്സവം | PTA, MPTA<br>SRG, SSK. |

വിഷയം: മലയാളം

STD : 3

ലക്ഷ്യം : വിദ്യാർത്ഥികൾക്ക് ശുദ്ധമായി മലയാളം വായിക്കാനും എഴുതാനും സംസാരിക്കാനും കഴിയേണ്ടതാണ്.

: ശബ്ദശേഖരം വർദ്ധിപ്പിക്കൽ

: എഴുത്ത്, വായന, സംസാരശേഷി വർദ്ധിപ്പിക്കൽ.

| | |
|---|---|
| [illegible] | * Pret പ്രീടെസ്റ്റ്.<br>* നിർദ്ദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായനാ ശേഷിയും വർദ്ധിപ്പിക്കുക<br>• പ്രവർത്തനങ്ങൾ<br>ഭാവാത്മക വായന<br>കഥ പറയൽ<br>കഥ കേൾക്കൽ<br>ICT - ഉപയോഗപ്പെടുത്തി കഥയും പാട്ടും കേൾക്കൽ |

| | |
|---|---|
| | • സംസാരശേഷി<br>- ചിത്രവായന<br>- കടങ്കഥകൾ, പഴഞ്ചൊല്ല് ശേഖരണം<br>ക്ലാസ് അവതരണം<br>- അനുഭവ വിവരണം.<br>- ചിത്രത്തെ കുറിച്ച് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമിക്കുക<br>- ചിത്ര വിവരണം |
| ആഗസ്റ്റ് & സെപ്റ്റംബർ | * സ്പഷ്ടമായ എഴുത്തും സംസാരവുമുള്ള വിദ്യാർത്ഥികളെ വികസിപ്പിക്കുക.<br>* വായനശേഷി.<br>- കഥാപുസ്തകങ്ങൾ വായിക്കുക.<br>- വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തുക<br>- പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ.<br>* - എഴുത്ത് ചിത്രങ്ങൾ<br>പദസമ്പത്ത്.<br>ചോദ്യ നിർമാണം<br>വാക്യനിർമാണം, വാക്കു ചേർത്ത് വരികൾ കൂട്ടിച്ചേർക്കൽ. |

| | |
|---|---|
| ഒക്ടോബർ & നവംബർ. | കൃഷിയിടം സന്ദർശനം.<br>കൃഷിപ്പാട്ട്, കൃഷിച്ചൊല്ലുകൾ അവതരണം<br>കുട്ടിക്കളികൾ : അനുഭവ വിവരണം.<br>പതിപ്പ് .<br>നാടൻപ്പാട്ട് ശില്പ ശാല.<br>: ഭോൾഭേഷ്., |
| ഡിസംബർ & ജനുവരി | |

# ഗവ. എൽ.പി സ്കൂൾ ഒളവണ്ണ

# അകാദമിക മാസ്റ്റർപ്ലാൻ

## ക്ലാസ് IV

### ക്ലാസ് അധ്യാപകർ : ഷാജിന കെ കെ, ശീതൾ കെ കെ

**ലക്ഷ്യം:** നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

**പൊതു തത്വങ്ങൾ:**

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

**1.** മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ് ടീച്ചർ | PTA ഫണ്ട് |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | | | | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തക പരിചയം. | | | | |
| വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം. | | | CPTA | |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ. | പ്രതിമാസം (വർഷം മുഴുവൻ) | SRG, ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ. | | | | |
| കണ്ടറിയാം... കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT). | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | | | | |
| രുചിച്ചറിയാം... | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ, PTA | |
| ഭക്ഷ്യമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ. | | | | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ, CPTA | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം. | | | | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | വർഷത്തിലൊന്ന് | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ/പ്രദർശനം (സർഗ്ഗോത്സവം, കലാവതരണം, കലാ ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം). | | വർഷത്തിലൊരിക്കൽ | SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | | | HM | |

**2. വിരിയുന്ന ചിന്തകൾ (ഇംഗ്ലീഷ് ഭാഷാ പാഠം)**

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ചയിൽ രണ്ട് ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| അസംബ്ലി ചേരൽ (നിയന്ത്രണം കുട്ടികൾക്ക്). | | | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് | ആഴ്ചയിൽ മൂന്ന് | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | എഴുതാനുള്ള ശേഷി. | ദിവസം (വർഷം മുഴുവൻ) | | |
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ. | | | | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകതാ പരിപോഷണം. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling). | | | | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകതാ രചനശേഷി വികസനം. | മൂന്ന് മാസത്തിലൊരിക്കൽ | HM, ക്ലാസ് ടീച്ചർ, SMC | SMC |
| മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. | | | | |
| ഇംഗ്ലീഷ് കൈയെഴുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ. | | | | |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ, വായനാവേള ഒരുക്കൽ, വായനാകുറിപ്പ് - | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പുസ്തക പരിചയം. | | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ). | വർഷത്തിലൊന്ന് (അവധിക്കാലം) | SRG, SMC, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായനാ മത്സരം, രചനാ മത്സരം, മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | | | | |

**3. കളിക്കാം... ഗണിക്കാം... (ഗണിത പഠനം)**

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ). | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| മൂല്യനിർണയം (ഏണിയും പാമ്പും, ഡയസ് കളി, സങ്കലനം- വ്യവകലനം, കച്ചവടക്കളി). | | | | |
| ഒറിഗാമിയിലൂടെ പഠിക്കാം.. | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം. | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുമർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത ചുമർ ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ. | | | | |
| ഗണിത | പഠനോപകരണങ്ങളി | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പഠനോപകരണ ശില്പശാല | ലൂടെ ഗണിത പഠനം രസകരമാക്കൽ. | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |
| പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം. | | | | |

**4. അറിയാം... അടുത്തറിയാം... (പരിസര പഠനം)**

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം-അറിവ് നിർമ്മാണം. | ആവശ്യാനുസരണം | HM, CPTA | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രമൂല | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA, SSA |
| ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ-അന്വേഷണ ത്വര വളർത്തൽ. | ആവശ്യാനുസരണം | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA, രക്ഷിതാക്കൾ |
| വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ. | | | | |
| ഭൂപടമൊരുക്കാം | ഭൂപട വായന, ഭൂപട രചന, സൂചിക | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | പരിചയപ്പെടൽ, സൂചികാ നിർമ്മാണം, കളങ്ങൾ ഉപയോഗിക്കൽ. | | | |
| കേരളം - ഇന്ത്യ- ഭൂപട വായന. | | | | |
| ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പഠനം രസകരമാക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | | | | |
| ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | വർഷത്തിലൊരിക്കൽ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം). | | | | |
| ശാസ്ത്രമാസിക | അറിവുകളുടെ രചന. | വർഷത്തിലൊന്ന് | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം. | | | | |